# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - T 4674** **20-10-2011-ൽ മറുപടിക്ക്**

**<u>എസ്. സി.ഐ.പി.യുടെ പ്രവർത്തനം</u>**

**ചോദ്യം**

**ശ്രീ. വി.പി. സജീന്ദ്രൻ**

**ഉത്തരം**

**ശ്രീ. കെ. എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ബൗദ്ധിക സ്വത്തവകാശ സംരക്ഷണത്തിനായി 2008-ൽ രൂപീകരിച്ച കൗൺസിൽ ഓൺ ഇന്റലക്ച്വൽ പ്രോപ്പർട്ടി ഇതേവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കേരള ബൗദ്ധിക സ്വത്തവകാശ മേൽനോട്ട സമിതി (SCIP)-യുടെ ആദ്യയോഗം 14-12-2009-ന് 11 മണിയ്ക്ക് മുഖ്യമന്ത്രിയുടെ ചേംബറിൽ, കേരള ബൗദ്ധിക സ്വത്തവകാശ മേൽനോട്ട സമിതി (SCIP)-യുടെ ചെയർമാനായ മുഖ്യമന്ത്രിയുടെ അഭാവത്തിൽ, അന്നത്തെ നിയമ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ചീഫ് സെക്രട്ടറിയേയും മറ്റ് സെക്രട്ടറിമാരേയും കൂടി SCIP യിൽ ഉൾപ്പെടുത്തിക്കൊണ്ട് G.O (Ms) No. 2/2010/Law dated 04-01-2010 പുറപ്പെടുവിച്ചു. അതിനുശേഷം, SCIP-യുടെ രണ്ടാമത്തെ യോഗം 31-08-2011-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കേരള ട്രഡീഷണൽ നോളജ് അതോറിറ്റി (KTKA) യ്ക്ക് അവസാന രൂപം നൽകുന്നതിനുവേണ്ടി സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ ഡോ. ആർ.വി. വർമ്മ CUSAT- ലെ IPR ചെയർ മേധാവിയായ ഡോ. എൻ. എസ്. ഗോപാലകൃഷ്ണൻ എന്നിവരുമായി ചർച്ച നടത്തുവാൻ നിയമ വകുപ്പു സെക്രട്ടറിയെ ചുമതലപ്പെടുത്തി. കൂടാതെ 2002 ലെ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്റ്റിലെ 63-ാം വകുപ്പ് പ്രകാരം സ്റ്റേറ്റിന്റെ IPR നയമനുസരിച്ചുള്ള ചട്ടങ്ങൾ നിർമ്മിക്കുവാൻ സാധിക്കുമോയെന്ന് പരിശോധിക്കുവാനും തീരുമാനം ഉണ്ടായി. |
| (ബി) | എങ്കിൽ ജി.ഒ (എം.എസ്) നമ്പർ. 127/2008/നിയമം | G.O (Ms) No. 127/2008/Law dated 22-12-2008- ഉം G.O (Ms) No. 2/2010/Law dated 04-01-2010-ഉം |

| | | |
|---|---|---|
| | പ്രകാരം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഓഫീസ് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | പ്രകാരം SCIP യ്ക്ക് രൂപം നൽകിയെങ്കിലും നിയമ വകുപ്പിൽ IPR Administration-നു വേണ്ടിയോ KTKA യ്ക്ക് വേണ്ടിയോ Mission IPR നു വേണ്ടിയോ തസ്തികകൾ അനുവദിക്കാൻ ധനകാര്യ വകുപ്പ് നാളിതുവരെയും അനുമതി നൽകിയിട്ടില്ല. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നപക്ഷം തസ്തികകൾ സൃഷ്ടിക്കുന്നതിനും staff-നെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | എസ്.സി.ഐ.പി (Supervisory Committee for Intellectual Property) യുടെ പ്രവർത്തന വിഭാഗത്തിന് ആയൂർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പേറ്റന്റ് സെല്ലിലെ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ തീരുമാനമായിട്ടുണ്ടോ; | SCIP- യുടെ കീഴിൽ ആയൂർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പേറ്റന്റ് സെല്ലിലെ സേവനം പ്രയോജനപ്പെടുത്തുന്ന വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല. ഇതു സംബന്ധിച്ച് 27-11-2008-ന് ഉച്ചയ്ക്ക് ഒരു മണിയ്ക്ക് അന്നത്തെ നിയമ വകുപ്പു മന്ത്രിയുടെ ചേംബറിൽ വെച്ച് ആരോഗ്യ വകുപ്പു സെക്രട്ടറിയും ആയൂർവ്വേദ വിദ്യാഭ്യാസ ഡയറക്ടറും നിയമ (നോഡൽ) വകുപ്പ് അഡീഷണൽ സെക്രട്ടറിയും ടി പേറ്റന്റ് സെല്ലിലെ ഉദ്യോഗസ്ഥരുമായി യോഗം നടത്തുകയും IPR-ഉം അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് ബിസിനസ് റൂൾസിൽ ഭേദഗതി വരുത്തി നിയമ വകുപ്പിന്റെ കീഴിലാക്കിയതിനാൽ നിയമ വകുപ്പും ആരോഗ്യ വകുപ്പും പാരമ്പര്യവിജ്ഞാനം സംരക്ഷിക്കുന്നതിൽ സഹകരിക്കുമെന്നും SCIP-യുടെ നിയുക്ത പ്രവർത്തന യൂണിറ്റായ Mission IPR ന് വേണ്ടി ആയൂർവ്വേദ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡോക്യുമെന്റേഷൻ യൂണിറ്റായ പേറ്റന്റ് സെല്ലിന്റെ സേവനം ഉപയോഗിക്കുന്നതിന്റെ സാദ്ധ്യതകളിൽ യോജിച്ചു പ്രവർത്തിക്കുമെന്നും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ 13803/നോഡൽ-1/08/ ലോ, തീയതി 27-11-2008 നമ്പർ കത്ത് പ്രകാരം എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | 13803/Nodal 1/2008/Law തീയതി 15-12-2008 നം. കത്ത് പ്രകാരം 27-11-2008-ൽ നടന്ന ഉന്നതതല യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും KTKA നിലവിൽ വരേണ്ടതുണ്ട്. |

ഉത്തരവിൻപ്രകാരം

[signature]

സെക്ഷൻ ഓഫീസർ